**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1541** **19-01-2021 - ൽ മറുപടിയ്ക്ക്**

**പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കൃഷി വകുപ്പ് നടപ്പിലാക്കിയ, ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം 1994 ൽ പ്രഖ്യാപിച്ച പെൻഷൻ 1000 രൂപയാണ് 60 വയസ്സ് കഴിഞ്ഞ കർഷക സമിതി അംഗങ്ങൾക്കായി നല്കി വരുന്നതെങ്കിലും മറ്റ്ക്ഷേമ പെൻഷനുകൾ 1994 ൽ 100 രൂപയായിരുന്നത് 2020 ൽ 15 ഇരട്ടി വർദ്ധിപ്പിച്ച് 1500 രൂപയായാണ് നൽകിവരുന്ന വസ്തുതയും 1994 ൽ അനുവദിച്ച സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 15 ഇരട്ടി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ലക്ഷം തൊഴിൽദാന പദ്ധതിയുടെ പെൻഷൻ നിലവിലും 1000 രൂപയായി നിലനിൽക്കുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ 1994 ൽ നടപ്പിലാക്കിയ ലക്ഷം തൊഴിൽദാന പദ്ധതിയുടെ പെൻഷനും സാമൂഹ്യ സുരക്ഷാപെൻഷന് ആനുപാതികമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സർക്കാർ ഉത്തരവ് (എം.എസ്) 122/94/കൃഷി തീയതി 30.03.94 പ്രകാരം 1994- ൽ ആരംഭിച്ച ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽദാന പദ്ധതിയുടെ തുടക്കത്തിൽ വാഗ്ദാനം ചെയ്തിരുന്ന ആനുകൂല്യങ്ങൾ കാലോചിതമായ മാറ്റത്തോടെ നൽകി വരുന്നുണ്ട്. കാർഷിക മേഖലയിൽ തുടരുന്ന അംഗങ്ങൾക്ക് 60 വയസ്സ് മുതൽ മരണം വരെ പ്രതിമാസം 1000/- രൂപ നിരക്കിൽ പെൻഷൻ നൽകുമെന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. പ്രതിമാസം 1000/- രൂപ പെൻഷനും 30,000/- രൂപ ഗ്രാറ്റുവിറ്റിയും 2014 മുതൽ നൽകിവരുന്നുണ്ട്. ഈ പദ്ധതിയ്ക്കു വേണ്ടി രൂപീകരിച്ചിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ നിന്നാണ് പെൻഷനും/ പദ്ധതിയിലെ മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നത്. |
| (ബി) | ലക്ഷം തൊഴിൽ ദാനപദ്ധതിയിൽ 60 വയസിനുശേഷം മരണ മടഞ്ഞവരുടെ നോമിനികളിൽ എത്ര പേർക്ക് ധനസഹായം നൽകിയെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 60 വയസ്സിന് ശേഷം ആനുകൂല്യം കൈപ്പറ്റാതെ മരണമടഞ്ഞവർക്ക് മരണം വരെയുള്ള പെൻഷനും/ ഗ്രാറ്റുവിറ്റിയായ 30,000/- രൂപയും നോമിനിക്ക് അനുവദിക്കുന്നുണ്ട്. പ്രസ്തുത ആനുകൂല്യം 5 പേർക്ക് നൽകിയിട്ടുണ്ട്. |
| (സി) | ലക്ഷം തൊഴിൽദാന പദ്ധതി അംഗങ്ങളിൽ 60 വയസ്സിന് താഴെപ്രായമുള്ള കർഷകർക്കായി കാർഷിക തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും ലക്ഷം തൊഴിൽദാന പദ്ധതി അംഗങ്ങൾക്ക് ഭാഗഭാക്കാവുന്നതാണ്. |
| (ഡി) | കാർഷിക വികസന സമിതിയിൽ ലക്ഷം തൊഴിൽ ദാന പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ രൂപീകരിച്ച ഇംപ്ലിമെന്റേഷൻ കമ്മിറ്റിയിലും ഒരു ലക്ഷം യുവ കർഷക സമിതി പ്രതിനിധികൾ മുൻപ് | (ഡി) | പ്രത്യേക തൊഴിൽദാന പദ്ധതിയ്ക്കായി സർക്കാർ രൂപീകരിച്ച ഇംപ്ലിമെന്റേഷൻ കമ്മിറ്റിയിൽ മറ്റ് സംഘടനകൾക്കൊന്നും പ്രാതിനിധ്യമില്ലാത്തതിനാലാണ് ഒരു ലക്ഷം |

| | | | |
|---|---|---|---|
| | ഉണ്ടായിരുന്നത് പുനസ്ഥാ പിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | യുവകർഷക സമിതി പ്രതിനിധികളെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ഇ) | ലക്ഷം തൊഴിൽദാന പദ്ധതി അംഗങ്ങളിൽ 31/12/2020 ന് എത്ര പേർക്ക് 60 വയസ്സ് പൂർത്തിയായി അതിൽ എത്രപേർക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും അനുവദിച്ചു .വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | 31/12/2020 വരെ ആകെ 4189 പേർക്ക് 60വയസ്സ് പൂർത്തിയായിട്ടുണ്ട്. 953 പേർക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ